കോഡ്: SS 1101

STD X

## ഒന്നാം പാദവാർഷിക മൂല്യനിർണയം -2015

## സാമൂഹ്യശാസ്ത്രം

സമയം : 2½ മണിക്കൂർ | ആകെ സ്കോർ: 80

**പൊതു നിർദേശങ്ങൾ**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്.
- ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കുന്നതിന് ഈ സമയം ഉപയോഗിക്കേണ്ടതാണ്.
- സമാശ്വാസ സമയത്ത് ഉത്തരങ്ങൾ എഴുതുവാൻ പാടുള്ളതല്ല.
- നിർദ്ദേശങ്ങൾക്കനുസരിച്ച് ഉത്തരമെഴുതുക

1. പ്രാചീനകാലത്തും മധ്യകാലത്തും മദ്ധ്യധരണ്യാഴി പ്രദേശത്തെ ജനങ്ങൾക്കാവശ്യമായ ഉല്പന്നങ്ങൾ എത്തിച്ചിരുന്ന രണ്ട് വാണിജ്യപഥങ്ങൾ ഏതൊക്കെയായിരുന്നു? (2)

2. സെൻസർ എന്നാലെന്ത്? എന്തെങ്കിലും രണ്ടു വിദൂര സംവേദന രീതികൾ എഴുതുക. (3)

3. 15 ഉം 16 ഉം നൂറ്റാണ്ടുകളിൽ ഭൂമിശാസ്ത്രപരമായ കണ്ടുപിടുത്തങ്ങൾക്കിടയാക്കിയ സാഹചര്യങ്ങൾ എന്ത്? എതെങ്കിലും മൂന്നെണ്ണം എഴുതുക. (3)

4. എഷ്യഭൂഖണ്ഡത്തിലെ എതെങ്കിലും മൂന്ന് കാലാവസ്ഥാ മേഖലകളേയും അവയുടെ കാലാവസ്ഥാ സവിശേഷതകളേയും കുറിച്ച് കുറിപ്പ് തയ്യാറാക്കുക. (3)

5. "ഹിത പരിശോധന, അഭിക്രമം എന്നിവ പ്രത്യക്ഷ ജനാധിപത്യ മാർഗ്ഗങ്ങളാണ്" വിശദമാക്കുക (4)

6. ചക്രവാതങ്ങളും പ്രതിചക്രവാതങ്ങളും എന്തെന്ന് വ്യക്തമാക്കുക. (2)

7. കറുപ്പ് യുദ്ധത്തിന്റെ കാരണങ്ങളും ഫലങ്ങളും ഏവ? (4)

8. രൂപം കൊള്ളുന്നതിന്റെ അടിസ്ഥാനത്തിൽ മഴയെ പ്രധാനമായും മൂന്നായി തരം തിരിക്കാവുന്നതാണ്. അവ എതെല്ലാമെന്ന് കണ്ടെത്തി കുറിപ്പുകൾ തയ്യാറാക്കുക.

   **അല്ലെങ്കിൽ**

   ആഗോളമർദ്ദമേഖലകളുടെ വിതരണം വിശദമാക്കുക (6)

9. ഭൂമിശാസ്ത്രപരമായ കണ്ടുപിടുത്തങ്ങളുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിരിക്കുന്ന പട്ടിക പൂർത്തിയാക്കുക.

| നാവികർ | രാജ്യം | കണ്ടെത്തിയ രാജ്യം |
|---|---|---|
| ജോൺ കാബട്ട് | ________ | ന്യൂഫൗണ്ട്ലാന്റ് |
| ________ | സ്പെയിൻ | പനാമ |
| കബ്രാൾ | പോർത്തുഗൽ | ________ |

(3)

10. സാമ്പത്തിക വികസനം സാമ്പത്തിക വളർച്ചയിൽ നിന്നും എങ്ങനെയെല്ലാം വ്യത്യാസപ്പെട്ടിരിക്കുന്നു?

(2)

11. " ഇംഗ്ലണ്ടിലെ സ്വേച്ഛാധിപത്യ ഭരണത്തിനെതിരായ ഒരു വിജയമാണ് പെറ്റീഷൻ ഓഫ് റൈറ്റ് " ഈ പ്രസ്താവന വിലയിരുത്തുക.

(2)

12. 'A' കോളത്തിൽ നൽകിയിട്ടുള്ള വിവരങ്ങൾക്കനുസരിച്ച് 'B' കോളത്തിലെ വിവരങ്ങളെ ക്രമപ്പെടുത്തി എഴുതുക.

| A | B |
|---|---|
| അന്തരീക്ഷമർദ്ദം | വിന്റ് വെയിൻ |
| കൊറിയോലിസ് പ്രഭാവം | ഉഷ്ണക്കാറ്റ് |
| കാറ്റിന്റെ ദിശ | ബാരോമീറ്റർ |
| ചിനുക്ക് | ഫെറൽ നിയമം |

(4)

13. ഫ്രഞ്ച് വിപ്ലവത്തിനിടയാക്കിയ കാരണങ്ങൾ എന്തൊക്കെയായിരുന്നു? വിവരിക്കുക.
സൂചന: സാമൂഹ്യഅസമത്വം
രാജാക്കന്മാരുടെ സ്വേച്ഛാധിപത്യം
ചിന്തകരുടെ സ്വാധീനം

അല്ലെങ്കിൽ

ഇന്ത്യൻ ജനാധിപത്യം നിരവധി വെല്ലുവിളികൾ നേരിടുന്നുണ്ട്. അവ എന്തൊക്കെ? ഏതെങ്കിലും മൂന്ന് വെല്ലുവിളികളെക്കുറിച്ച് വിവരിക്കുക

(6)

14. സംഘടിത മേഖലയിലെ തൊഴിലാളികളുടെ അവകാശങ്ങളും ആനുകൂല്യങ്ങളും എന്തൊക്കെയാണ്?

(3)

15. ഇന്ത്യയിൽ ബ്രിട്ടീഷ് അധിനിവേശത്തിന് അനുകൂലമായ രാഷ്ട്രീയ സാഹചര്യങ്ങൾ എന്തായിരുന്നു? എന്തെങ്കിലും മൂന്നെണ്ണം എഴുതുക.

(3)

16. സുസ്ഥിര വികസനത്തിന് വിഘാതമാകുന്ന നിരവധി പ്രവർത്തനങ്ങൾ നമുക്ക് ചുറ്റിലും നടക്കുന്നു. സുസ്ഥിര വികസനത്തിന് വിഘാതമാകുന്ന എതെങ്കിലും നാല് പ്രവർത്തനങ്ങൾ കണ്ടെത്തുക.

(3)

17. 'A' കോളത്തിൽ നൽകിയിട്ടുള്ള വിവരങ്ങൾക്കനുസരിച്ച് 'B'കോളത്തിലെ വിവരങ്ങളെ ക്രമപ്പെടുത്തി എഴുതുക.

| A | B |
|---|---|
| അമേരിക്കൻ സ്വാതന്ത്ര്യസമരം | ജോൺ ദോഹർത്തി |
| ജർമ്മനിയുടെ ഏകീകരണം | സൈമൺ ബൊളിവർ |
| നാഷണൽ അസോസിയേഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ്‌ലേബർ | ഓത്തോഫോൺ ബിസ്മാർക്ക് |
| ഇറ്റലിയുടെ ഏകീകരണം | ജോർജ് വാഷിംഗ്ടൺ |
| വെനിസുല | ജോസഫ് മസീനി |

(5)

18. പ്രതിശീർഷ വരുമാനം ഒരു സൂചികയായി പരിഗണിച്ച് സാമ്പത്തിക വികസനം കണക്കാക്കുന്നത് അശാസ്ത്രീയമാണ്. പ്രസ്താവന സമർത്ഥിക്കുക.

(3)

19. നവോത്ഥാനത്തിന്റെ പ്രധാന സവിശേഷതകൾ ഏവ?

(4)

20. യുറോപ്പിലെ പ്രധാന ഭൂപ്രകൃതി വിഭാഗങ്ങൾ എന്തെല്ലാം?

(2)

21. ശാസ്ത്രീയ സോഷ്യലിസവും ഉട്ടോപ്യൻ സോഷ്യലിസവുംഎങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?

(2)

22. വിദൂര സംവേദന സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട ഓവർലാപ്,സ്റ്റീരിയോപെയർ,സ്റ്റീരിയോസ്ക്കോപ്പ് എന്നിവയെക്കുറിച്ച് ലഘുക്കുറിപ്പുകൾ തയ്യാറാക്കുക.

(3)

23. ജനാധിപത്യസംവിധാനത്തിന്റെ എതെങ്കിലും രണ്ട് മേൻമകൾ എഴുതുക.

(2)

24. ഭൂവിവര വ്യവസ്ഥയുടെ എതെങ്കിലും നാല് ഉപയോഗങ്ങൾ സൂചിപ്പിക്കുക.

(4)

25. പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യമേഖലാ സ്ഥാപനങ്ങളിൽ നിന്നും എങ്ങനെയെല്ലാം വ്യത്യാസപ്പെട്ടിരിക്കുന്നു.

(2)